# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.7/2119/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.7/2119/2021 തീയ്യതി: 08/02/2022

## മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-01-2020 മുതൽ 24-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 09-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2021 | 09-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2021 | 09-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുൽ ജലീൽ ടി.പി - ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ)
2. ശ്രീ.മുഹമ്മദ് സലീം.ടി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീ.രാമകൃഷ്ണൻ.ടി - സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ.റഷീദ്.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ
5. ശ്രീമതി.സുജാത.എം - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ആബിദലി.വി | പ്രസിഡന്റ് | 01-04-2019 | 04-10-2019 |
| ശ്രീ. ഷൗക്കത്തലി.പി | പ്രസിഡന്റ് | 05-10-2019 | 31-03-2020 |
| ശ്രീ.മോഹനൻ.എം.വി | സെക്രട്ടറി | 01-04-2019 | 30-04-2019 |
| ശ്രീമതി.അസീന ചെറുപള്ളിക്കൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2019 | 04-12-2019 |
| ശ്രീ. സി.കെ.രാധാകൃഷ്ണൻ നായർ | സെക്രട്ടറി | 05-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അസീന ചെറുപള്ളിക്കൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.രാജൻ.എം.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.സജീവ് കുമാർ | വെറ്ററനറി സർജൻ | 01-04-2019 | 23-09-2019 |
| ഡോ.അൻവർ.കെ.പി | വെറ്ററനറി സർജൻ | 24-09-2019 | 31-03-2020 |
| ഡോ.ആബിദ അബ്ദുൾ കരീം | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-04-2019 | 31-03-2020 |
| ശ്രീ.കെ.പി.ഹരിദാസൻ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ.നിഷാന.എൻ.കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീ.ബബിത.പി | കൃഷി ഓഫീസർ | 01-04-2019 | 22-09-2019 |
| ശ്രീമതി.ഷാബാസ് ബീഗം.കെ.കെ | കൃഷി ഓഫീസർ | 23-09-2019 | 31-03-2020 |
| ശ്രീമതി.ഉമ്മുകുൽസു.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.അബ്ദുൾ നാസർ.കെ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ഡോ.സാബിറ.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 04-12-2021)<br>Last Updated By: Sujatha M (Auditor, On 04-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Ramakrishnan.T (Senior Grade Auditor, On 05-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 05-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Ramakrishnan.T (Senior Grade Auditor, On 05-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 05-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം).<br>Written By: Ramakrishnan.T (Senior Grade Auditor, On 05-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 05-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Ramakrishnan.T (Senior Grade Auditor, On 05-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 05-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ramakrishnan.T (Senior Grade Auditor, On 05-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 05-12-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ.<br>Written By: Ramakrishnan.T (Senior Grade Auditor, On 05-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 05-12-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ.<br>Written By: Sujatha M (Auditor, On 04-12-2021)<br>Last Updated By: Sujatha M (Auditor, On 04-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhammed Saleem T (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Ramakrishnan.T (Senior Grade Auditor, On 05-12-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-11 |
| 12 | തൊഴിൽ നികുതി വിവിധ അപാകതകൾ<br>Written By: Sujatha M (Auditor, On 06-12-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-12 |
| 13 | വാടക അപാകതകൾ<br>Written By: Sujatha M (Auditor, On 06-12-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-13 |
| 14 | ലേലത്തിന് ജി.എസ്.ടി ഈടാക്കിയില്ല - കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് 11205 /- രൂപ നഷ്ടം.<br>Written By: Sujatha M (Auditor, On 06-12-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-14 |
| 15 | പരിരക്ഷ- മരുന്നുകൾ ലഭ്യമായില്ല.<br>Written By: Rasheed V (Senior Grade Auditor, On 08-12-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-15 |
| 16 | അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല<br>Written By: Sujatha M (Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-16 |

| | | |
|---|---|---|
| 17 | സമഗ്ര വിദ്യാഭ്യാസ പദ്ധതി - സർക്കാർ നിർദ്ദേശം പാലിച്ചില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 08-02-2022) | 1-17 |
| 18 | ജി.എസ്.ടിയിന്മേൽ 2% TDS ഈടാക്കിയില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-18 |
| 19 | ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കുന്നതിനുള്ള പരിശീലന ചെലവ് തിരികെ ലഭ്യമായില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-19 |
| 20 | ലൈബ്രറികളിലെ പത്രവിതരണച്ചെലവുകൾ ഗ്രാമപഞ്ചായത്ത് വഹിക്കുന്നത് നിയമപരമല്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-20 |
| 21 | എക്കോഷോപ്പ് മുഖേനയുള്ള വാങ്ങലുകൾ - ഗ്രാമപഞ്ചായത്തിന് അധികചെലവ്<br>Written By: Ramakrishnan.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-21 |
| 22 | അതിജീവനം പദ്ധതി - അനുമതി പത്രം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-22 |
| 23 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-23 |
| 24 | സബ്സെന്ററുകളുടെ നവീകരണം 223/20<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-23-1 |
| 25 | തടയണകളുടെ നിർമാണം 238/20<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 08-02-2022) | 1-23-2 |
| 26 | കിഴക്കേകുന്ന് SC കോളനി ഭവനസുരക്ഷ 209/20<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 08-02-2022) | 1-23-3 |
| 27 | പഴയ ബസ് സ്റ്റാന്റിന് മുകളിൽ ഷോപ്പിംഗ് കോംപ്ലക്സ് 237/20<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 08-02-2022) | 1-23-4 |
| 28 | നെല്ലിക്കാലടി ST കോളനി നവീകരണം 221/20<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 08-02-2022) | 1-23-5 |
| 29 | കരാറുകാരനിൽ നിന്നീടാക്കിയ പിഴ ട്രഷറിയിൽ നിന്ന് പിൻവലിച്ചില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 08-02-2022) | 1-24 |
| 30 | ഷീറ്റ് മേയൽ; ഒബ്സർവ്ഡ് ഡാറ്റയുടെ നിരക്ക് കണക്കാക്കിയതിലെ അപാകത കാരണം 142618 രൂപയുടെ അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 27-01-2022) | 1-25 |
| 31 | സബ് സെന്ററുകളുടെ നവീകരണം (223/20)<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 27-01-2022) | 1-25-1 |
| 32 | പഴയ ബസ് സ്റ്റാന്റിന് മുകളിൽ ഷോപ്പിംഗ് കോംപ്ളക്സ് 237/20<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 27-01-2022) | 1-25-2 |
| 33 | ദിശ 2018, കേരള സ്കൂൾ മേൽക്കൂര നിർമ്മാണം (217/20)<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021) | 1-25-3 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 27-01-2022) | |
| 34 | സ്റ്റീൽ മേൽക്കൂര നിർമാണത്തിന് അധിക നിരക്ക് നൽകി നഷ്ടം 81750 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 27-01-2022) | 1-26 |
| 35 | സബ് സെന്ററുകളുടെ നവീകരണം (223/20)<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 27-01-2022) | 1-26-1 |
| 36 | പഴയ ബസ് സ്റ്റാന്റിന് മുകളിൽ ഷോപ്പിംഗ് കോംപ്ലക്സ് 237/20<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 08-02-2022) | 1-26-2 |
| 37 | നിർമാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 27-01-2022) | 1-27 |
| 38 | എൽ ഇ ഡി ടി വി വാങ്ങൽ - ആവശ്യം പരിഗണിക്കാതെ വാങ്ങൽ നടത്തി<br>Written By: Ramakrishnan.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 27-01-2022) | 1-28 |
| 39 | എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ -രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 27-01-2022) | 1-29 |
| 40 | അംഗീകൃത ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 08-02-2022) | 1-30 |
| 41 | എസ് സി വിദ്യാർത്ഥികൾക്ക് - ലാപ്ടോപ് - രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-31 |
| 42 | വിവിധ ഗെയ്മുകൾക്ക് പരിശീലനം - അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 08-02-2022) | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഷീറ്റ് മേയൽ; ഒബ്സർവ്ഡ് ഡാറ്റയുടെ നിരക്ക് കണക്കാക്കിയതിലെ അപാകത കാരണം 142618 രൂപയുടെ അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 3-1-0 |
| 2 | സബ് സെന്ററുകളുടെ നവീകരണം (223/20)<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 3-1-1 |
| 3 | പഴയ ബസ് സ്റ്റാന്റിന് മുകളിൽ ഷോപ്പിംഗ് കോംപ്ളക്സ് 237/20<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 3-1-2 |
| 4 | ദിശ 2018, കേരള സ്കൂൾ മേൽക്കൂര നിർമാണം (217/20)<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 3-1-3 |
| 5 | സ്റ്റീൽ മേൽക്കൂര നിർമാണത്തിന് അധിക നിരക്ക് നൽകി നഷ്ടം 81750 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 3-2-0 |
| 6 | സബ് സെന്ററുകളുടെ നവീകരണം (223/20)<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 09-12-2021) | 3-2-1 |
| 7 | പഴയ ബസ് സ്റ്റാന്റിന് മുകളിൽ ഷോപ്പിംഗ് കോംപ്ളക്സ് 237/20<br>Written By: T.P.Abdul Jaleel (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 3-2-2 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Rasheed V (Senior Grade Auditor, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 04-12-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 04-12-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Rasheed V (Senior Grade Auditor, On 05-12-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 05-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 05-12-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 05-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Rasheed V (Senior Grade Auditor, On 05-12-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 05-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Rasheed V (Senior Grade Auditor, On 05-12-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 05-12-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 05-12-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 05-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Rasheed V (Senior Grade Auditor, On 05-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.<br>Written By: Rasheed V (Senior Grade Auditor, On 05-12-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 05-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1 - 08.02.2019 | 1-22.02.2020 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 02.06.2020 | --- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 48170448 |
| വരവ് | 110329800 |
| ആകെ | 158500248 |
| ചെലവ് | 106638053 |
| നീക്കിയിരിപ്പ് | 51862195 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം).

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24170387 | 24170387 | 22945077 | 1225310 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9686323 | 9686323 | 6310448 | 3375875 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 734241 | 734241 | 247527 | 486714 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 16077000 | 16077000 | 7377283 | 8699717 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6908000 | 6908000 | 3748516 | 3159484 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 18199486 | 18199486 | 8954360 | 9245126 |
| ബി ഫണ്ട് | 0 | 17979960 | 17979960 | 17979960 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 313 | 139273505 | 172 | 87955900 | 4 | 137 | 54.95% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 158038 | 1128486 | 1286524 | 1264481 | 22043 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 19827000 | 19827000 | 19827000 | 0 |

## 1-7 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 104760 | 114 |
| കർഷകതൊഴിലാളി പെൻഷൻ | 1270200 | 391 |
| വിധവാപെൻഷൻ | 5931600 | 1735 |
| വാർദ്ധക്യകാലപെൻഷൻ | 8591100 | 2530 |
| വികലാംഗപെൻഷൻ | 1754700 | 527 |
| വിവാഹധനസഹായം | 90000 | 3 |
| 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള ധനസഹായം | 237600 | 181 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 30,616/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2.അസിസ്റ്റന്റ് എഞ്ചിനിയർ തനത് ഫണ്ട് ഇടപാടുകൾക്കും മറ്റ് ഫണ്ടുകളിലെ ഇടപാടുകൾക്കും വെവ്വേറെ കാഷ്ബുക്കുകൾ സൂക്ഷിക്കുന്നു.
3. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും, ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമല്ല. സ്റ്റോറുകളുടെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെങ്കിലും (ആർട്ടിക്കിൾ 152) ആയതും പാലിക്കുന്നില്ല.
4. ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറി പ്രൊജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യണം. എന്നാൽ വിഇഒ ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളിൽ മോണിറ്ററിംഗ് ഫലപ്രദമല്ല.
5. ബാങ്ക് ബുക്കുകൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.02.2021 | 01.12.2020 മുതൽ 31.01.2021 വരെ | 18.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.03.2019 മുതൽ 05.04.2019 വരെ | 2013 -2014 മുതൽ 2017-18 വരെ | 20.05.2019 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ലോൺ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B5- ൽ രേഖപ്പെടുത്തിയ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

2)ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-12ൽ ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 2,99,982 രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, രേഖകളുടെ അഭാവത്തിൽ പ്രസ്തുത തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

3)പ്രത്യേക എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B4- ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

4)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5)ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്തിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-7ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

6)ബിൽഡിംഗ് പെർമിറ്റ് റെഗുലറൈസേഷൻ ഇനത്തിൽ 1,35,311 രൂപ വരവുള്ളതായി വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ വിവരം ലഭ്യമല്ല.

7)വാടക കുടിശ്ശിക ഇനത്തിൽ മുൻ വർഷ ബാക്കി - 3,66,054 രൂപ, തൻവർഷം വരവ് - ഇല്ല, ബാലൻസ് ഷീറ്റിൽ വർഷാവസാന ബാക്കി - 1,04,789 രൂപ. വ്യത്യാസത്തിന് കാരണം വ്യക്തമല്ല. രജിസ്റ്ററിൽ ഇത് സംബന്ധിച്ച ഒരു വിവരവും ലഭ്യമല്ല.

8)ബസ്സ്റ്റാന്റ് ഫീസ്

| | |
|---|---|
| വാർഷികകണക്ക് പ്രകാരം ഡിമാൻറ് തുക | 82,000 രൂപ |
| കളക്ഷൻ | 56,000 (23,000 +23,000<br>(മുൻവർഷ അഡ്വാൻസ് )രൂപ. |
| ബാലൻസ്<br>തൻവർഷം<br>മുൻവർഷം | 28,500 രൂപ<br>94,036 രൂപ |
| രജിസ്റ്റർ പ്രകാരം ഡിമാന്റ് തുക | 92,000 രൂപ |
| കളക്ഷൻ | 46,000 രൂപ |
| ബാലൻസ് | ശരിയായ വിവരം രേഖപ്പെടുത്തിയിട്ടില്ല. മുൻ വർഷത്തെ 50,500 രൂപ പിരിച്ചെടുത്തതിന്റെ (വാർഷികകണക്കിൽ രേഖപ്പെടുത്തിയത്) വിവരവും ലഭ്യമല്ല. |

9)റീകൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10)അംഗനവാടി പൊളിച്ച നീക്കൽ ഇനത്തിൽ 2,211 രൂപ വരവുണ്ടെങ്കിലും വിവരം വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

12)ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമായത്, വാർഷികകണക്ക് പ്രകാരം - 1,02,78,847 രൂപ. എന്നാൽ യഥാർത്ഥത്തിൽ ലഭ്യമായ തുക – 1,11,51,510 രൂപ. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

13) Distress Relief Fund – ഷെഡ്യൂൾ B-2 പ്രകാരം ബാലൻസ് 43,301രൂപ. ഷെഡ്യൂൾ B-17 പ്രാകാരം ബാലൻസ് 43,683 രൂപ. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

14)വാർഷികകണക്കിൽ രേഖപ്പെടുത്തിയ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾ ഓഡിറ്റ് എൻക്വയറി നം.22/2019-20/08.12.21 പ്രകാരം ശ്രദ്ധയിൽപ്പെടുത്തി.

## 1-12 തൊഴിൽ നികുതി വിവിധ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി ഇനത്തിലുള്ള വരവ് പരിശോധിച്ചതിൽ കണ്ടെത്തിയ താഴെ പറയുന്ന അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

താഴെപ്പറയുന്ന ജീവനക്കാരിൽ നിന്ന് 2019-20 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു.

| ക്രമ നമ്പർ | ജീവനക്കാർ | അർദ്ധവാർഷിക വരുമാനം (സ്ഥാപനം സമർപ്പിച്ച റിട്ടേൺ പ്രകാരം) | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | ബൈലാഹ്, ടീച്ചർ നജാത്ത് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 484920/- ഒന്നാം അർദ്ധ വർഷം | 1250 | 750 | 500 |
| 2 | ബൈലാഹ്, ടീച്ചർ നജാത്ത് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 484920/- രണ്ടാം അർദ്ധ വർഷം | 1250 | 750 | 500 |
| 3 | മുഹമ്മദ് നിസാർ, പി.ടി.എസ്, കരുവാരകുണ്ട് പോലീസ് സ്റ്റേഷൻ | 60480/- ഒന്നാം അർദ്ധ വർഷം | 600 | 450 | 150 |

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ബീറ്റൺ അഗ്രോ ഇന്റസ്ട്രീസ് | ഒന്നാം അർദ്ധ വർഷം |
| 2 | ബി.എസ്.എൻ എൽ | ഒന്നാം അർദ്ധ വർഷം |
| 3 | പോസ്റ്റ് ഓഫീസ് ഇരിങ്ങാട്ടിരി | രണ്ടാം അർദ്ധ വർഷം |
| 4 | അൽമാസ് ഹോസ്പിറ്റൽ | രണ്ടാം അർദ്ധ വർഷം |
| 5 | ഹയാത്ത് ഹോസ്പിറ്റൽ | രണ്ടാം അർദ്ധ വർഷം |

3. കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരായ ശ്രീ.ജയപ്രകാശ്.എ, ശ്രീ. ജയേഷ് ജോൺസൺ, ശ്രീ. ജനി ജോൺ, ശ്രീ. വിഷ്ണുപ്രസാദ് എന്നിവർ 2019-20 രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി അടവാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.

4. കേരള എസ്റ്റേറ്റ് A ഡിവിഷൻ, കേരള എസ്റ്റേറ്റ് C NO.1 ഡിവിഷൻ, കേരള എസ്റ്റേറ്റ് C NO.2 ഡിവിഷൻ, എസ്.എസ് എസ്റ്റേറ്റ്, സുൽത്താന എസ്റ്റേറ്റ് എന്നിവയിലെ തൊഴിലാളികൾ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

(ഓഡിറ്റ് എൻക്വയറി നം. 6/ *19-20* /04.12.2021 ന് മറുപടി ലഭ്യമാക്കിയില്ല.)

## 1-13 വാടക അപാകതകൾ

2019-20 വർഷത്തിലെ വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഡിമാന്റ് | 1270637 |

| | |
|---|---|
| കളക്ഷൻ | 1165848 |
| ബാലൻസ് | 104789 (2020-21 ൽ അടവാക്കി) |

കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക പിരിവ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാടക ഈടാക്കിയപ്പേൾ ജി.എസ്.ടി ഈടാക്കിയിട്ടില്ല. മാസ വാടകയോടൊപ്പം 18% ജി.എസ്.ടി ( 9% SGST+ 9% CGST) കൂടി ഈടാക്കേണ്ടതായിരുന്നു. എന്നാൽ വാടകക്ക് ജി.എസ്.ടി ഈടാക്കാത്തതിനാൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് 1,14,357/- രൂപ വീതം (ആകെ 2,28,714/-രൂപ) നഷ്ടം സംഭവിച്ചിട്ടുണ്ട്. ജി.എസ്.ടി ഈടാക്കാത്തതിന് കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതും അല്ലാത്ത പക്ഷം നഷ്ടത്തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

2. 2019-20 B-15 പ്രകാരം Rent From Building - Current - 104789/-

Rent From Building - Arrear - 1,81,054/-

എന്നാൽ കുടിശ്ശിക തുക ചേർത്ത് ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തുകയോ പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കുടിശ്ശികയായുള്ള 1,81,054/- രൂപ ആരിൽനിന്ന് ഈടാക്കേണ്ടതായിരുന്നു എന്ന വിവരവും വ്യക്തമല്ല.

(ഓഡിറ്റ് എൻക്വയറി നം. 7/ *19-20*/04.12.2021 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-14 ലേലത്തിന് ജി.എസ്.ടി ഈടാക്കിയില്ല - കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് 11205 /- രൂപ നഷ്ടം.

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ലേലം ഇനത്തിൽ താഴെ പറയുന്ന പ്രകാരം 1,24,500/- രൂപ വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ലേലത്തുകക്ക് ജി.എസ്.ടി ഈടാക്കാത്തതിനാൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് 11205/- രൂപ വീതം (ആകെ 22410/- രൂപ) നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | ലേലം കൊണ്ടയാളുടെ പേരും വിലാസവും. | ലേലത്തുക | ജി.എസ്. ടി |
|---|---|---|---|---|
| 1 | വീട്ടിക്കുന്ന് പി.എച്ച്.സി കോമ്പൗണ്ടിലെ മരങ്ങൾ ലേലം. ( 7 മട്ടിമരം, പ്ലാവ്, 2 മാവിന്റെ ശിഖരങ്ങൾ) | ശ്രീ.മുഹമ്മദ്, S/O അയമുട്ടി, പൂവ്വിൽ, കരുവാരകുണ്ട്. | 32500/- രൂപ. | എസ്.ജി.എസ്.ടി (9%) 2925/- സി.ജി.എസ്.ടി (9%) 2925/- |
| 2 | ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് ലേലം. | ശ്രീ. അബൂബക്കർ, S/O കുഞ്ഞാലി, മുസ്ലിയാരകത്ത്, തരിശ്.പി.ഒ. | 92000/- രൂപ. | എസ്.ജി.എസ്.ടി (9%) 8280/- സി.ജി.എസ്.ടി (9%) 8280/- |
| ആകെ | | | 1,24,500/- രൂപ. | എസ്.ജി.എസ്.ടി 11205/- സി.ജി.എസ്.ടി 11205/- |

ജി.എസ്.ടി ഈടാക്കാത്തതിന് മതിയായ കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതും അല്ലാത്ത പക്ഷം നഷ്ടത്തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ: 8/19-20/04.12.2021 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-15 പരിരക്ഷ- മരുന്നുകൾ ലഭ്യമായില്ല.

പരിരക്ഷ മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ പദ്ധതിയുടെ ഭാഗമായി ബിൽ നം. 19151352029801022609 തീയതി.01.01.2020 പ്രകാരം 3,00,000/- രൂപ മരുന്നിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിട്ടുണ്ട്. (പ്രൊഫോർമ ഇൻവോയിസ് നമ്പർ.PRF 4371/03.02.2020). എന്നാൽ താഴെ പറയുന്ന ഇൻവോയിസുകൾ പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ക്രമ നമ്പർ. | ഇൻവോയിസ് നമ്പർ/തീയ്യതി | തുക |
|---|---|---|
| 1 | 29777/28.01.2021 | 20,528/- |
| 2 | 29778/28.01.2021 | 70,416/- |
| 3 | 1816/26.05.2021 | 32,978/- |
| 4 | 1817/26.05.2021 | 26,667/- |
| 5 | 1819/26.05.2021 | 27,737/- |
| 6 | 1822/26.05.2021 | 23,578/- |
| 7 | 1831/26.05.2021 | 28,003/- |
| 8 | 3283/02.07.2021 | 14,865/- |
| 9 | 3285/02.07.2021 | 2,598/- |
| 10 | 3872/19.07.2021 | 12,551/- |
| 11 | 4316/30.07.2021 | 6,319/- |
| 12 | 537/30.07.2021 | 1,497/- |
| 13 | 5779/06.09.2021 | 9,368/- |
| 14 | 7264/13.10.2021 | 10,364/- |
| | ആകെ | 2,87,469/- |

12,531/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 09(2019-20)/04.12.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-16 അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക് (സാംഖ്യ) യഥാസമയം പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. KGB- Own Fund (A/C- 40104100114660) അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ആയത് പരിശോധിച്ചതിൽ നിന്ന് വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുന്നത് യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല എന്ന് വ്യക്തമായി. അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ദിവസങ്ങൾക്കുശേഷമാണ് അക്കൗണ്ട് ചെയ്യപ്പെടുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| അക്കൗണ്ട് | ചെക്ക് നമ്പർ / തിയ്യതി | അക്കൗണ്ട് ചെയ്യേണ്ട തിയ്യതി | അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച തിയതി. | അക്കൗണ്ട് ചെയ്ത തിയ്യതി |
|---|---|---|---|---|
| KGB- Own Fund | 16044/14.05.2019 | 14.05.2019 | 14.05.2019 | 16.05.2019 |
| | 16045/14.05.2019 | 14.05.2019 | 14.05.2019 | 16.05.2019 |

| | | | | |
|---|---|---|---|---|
| A/C-<br>40104100114660 | 16066/01.06.2019 | 01.06.2019 | 01.06.2019 | 06.06.2019 |
| | 16121/01.08.2019 | 01.08.2019 | 01.08.2019 | 16.08.2019 |

ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 24/19-20/ 08.02.2021 ന് മറുപടി ലഭ്യമാക്കിയില്ല )

## 1-17 സമഗ്ര വിദ്യാഭ്യാസ പദ്ധതി - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

പ്രോജക്റ്റ് നം. 113/21

സമഗ്ര വിദ്യാഭ്യാസ പദ്ധതി

വിനിയോഗിച്ച തുക – 9,43,041 രൂപ

പ്ലാൻ (ജനറൽ ) - 6,43,205 രൂപ

തനത് ഫണ്ട് - 2,99836 രൂപ

ബിൽ നം. 6/19-20/14.08.19 – 2,43,455 രൂപ

ബിൽ നം. 3/19-20/25.07.2019 – 3,49,750 രൂപ

ബിൽ നം. 12/19-20/31.03.2020 – 50,000 രൂപ

വൗച്ചർ നം./ തീയ്യതി - 2190123/17.03.20 – 2,10,000 രൂപ

വൗച്ചർ നം./ തീയ്യതി - 21900816/12.12.2019 – 89,836 രൂപ

ഗണിതശാസ്ത്ര കിറ്റ് വിതരണം, വാട്ടർ പ്യൂരിഫയർ വിതരണം, സ്പോട്സ് കിറ്റ് വിതരണം, വിജയഭേരി, ലാബ്ഐറ്റംസ് വിതരണം, ലൈബ്രറി ബുക്കുകളുടെ വിതരണം, ജെ ആർ സി സംഗമം, പഠനോപകരണങ്ങളുടെ ശില്പശാല, പി ടി എ ശാക്തീകരണം, ഭിന്നശേഷി സംഗമം, രക്ഷാകർതൃസംഗമം, എൽ എസ് എസ് /യു എസ് എസ് മാതൃകാ പരീക്ഷ, എൽ എസ് എസ് /യു എസ് എസ് പരീശിലനം എന്നിവയ്ക്കാണ് പദ്ധതിയിൽ തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ബിൽ നം. 3/19-20/25.07.2019 –3,49,750 രൂപ പ്രകാരം പതിനൊന്ന് സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും ഉൾപ്പെടെ ഗ്ലോബൽ മേഡൽ വാട്ടർ ടെക്നോളജി, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

സെൻട്രൽ ടാക്സ് നോട്ടിഫിക്കേഷൻ നം.50/2018 തീ.13.09.18 പ്രകാരം, സപ്ലൈ ചെയ്ത സാധനങ്ങളുടെ മൊത്തം മൂല്യം രണ്ടര ലക്ഷം രൂപയിൽ അധികമാകുന്ന പക്ഷം നൽകിയ തുകയുടെ 2% TDS (GST TDS) ഈടാക്കി സർക്കാറിലേക്ക് അടവാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ നോട്ടിഫിക്കേഷന് 01.10.2018 മുതൽ പ്രബല്യമുണ്ടായിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. അതിൽ പ്രകാരം TDS ഈടാക്കി അടവാക്കി വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2) ബിൽ നം. 6/19-20/14.08.19 – 2,43,455 രൂപ ഗണിതശാസ്ത്രകിറ്റ് വാങ്ങുന്നതിനായി സിഡ്കോ, സെയിൽസ് എംബോറിയം കോഴിക്കോടിന് നൽകിയിട്ടുണ്ട്. ടെണ്ടർ കൂടാതെ സിഡ്കോയിൽ നിന്നും ഗണിതശാസ്ത്ര കിറ്റുകൾ വാങ്ങാമെന്നതിനാധാരമാക്കിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഗണിതശാസ്ത്ര കിറ്റുകൾ മുൻവർഷവും നൽകിയിട്ടുള്ളതും, അതേ ഉപകരണങ്ങൾ തന്നെ വീണ്ടും നൽകിയതായി സ്റ്റോക്ക് പരിശോധനയിൽ കണ്ടെത്തി. ആവർത്തനം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3)വിജയഭേരി പ്രവർത്തനത്തിന് 50,000 രൂപ (ബിൽ നം. 12/19-20/31.03.2020 –50,000 രൂപ) പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. ക്ലാസ് നടത്തിയത് ഏതൊക്കെ സ്കൂളുകളിലാണെന്നും, വിദ്യാർത്ഥികൾ പങ്കെടുത്തതിന്റെ ഹാജർ പട്ടിക, ഏതൊക്കെ തീയ്യതികളിൽ ക്ലാസ് നടത്തി തുടങ്ങിയ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

4)പദ്ധതി പ്രകാരം 38,000രൂപ (തനത്ഫണ്ട്) ലാബ് ഐറ്റംസ് വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത അധ്യാപക സഹകരണ സ്റ്റോർ, പെരിന്തൽമണ്ണയിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയത്. പദ്ധതിയ്ക്കായി ക്ഷണിച്ച ക്വട്ടേഷൻ നമ്പർ, തീയ്യതി, കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷൻ സ്വീകരിക്കുവാൻ പഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകിയ തീരുമാനത്തിന്റെ വിവരം എന്നിവ പരിശോധനയക്ക് ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിൽ പർച്ചേസിംഗ് കമ്മറ്റിയുടെ പ്രവർത്തനവും പേരിന് മാത്രമാണ്.

5) 24,000 രൂപ (തനത്ഫണ്ട്) ഗ്രാമപഞ്ചായത്തിനു കീഴിലുള്ള പതിനൊന്ന് സ്കൂളുകളിലും ഒരു ദിവസത്തെ രക്ഷാകർതൃ വിദ്യാഭ്യാസ ശില്പശാല നടത്തുന്നതിനു വേണ്ടി ചെലവഴിച്ചിട്ടുണ്ട്. ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് തുക

ചെലവഴിക്കാമെന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുവെങ്കിലും, ആയത് ലഭ്യമാക്കുകയുണ്ടായില്ല.

6) പദ്ധതി പ്രകാരം 12,000രൂപ (തനത്ഫണ്ട്) എൽ എസ് എസ് /യു എസ് എസ് മാതൃകാ ചോദ്യപേപ്പർ തയ്യാറാക്കി മാതൃകാ പരീക്ഷ നടത്തുന്നതിനും, 24,000 രൂപ (തനത്ഫണ്ട്) എൽ എസ് എസ് /യു എസ് എസ് പരിശീലനം നടത്തുന്നതിനും വേണ്ടി വിനിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ഇനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് തുക ചെലവഴിക്കാമെന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുവെങ്കിലും, ആയത് ലഭ്യമാക്കുകയുണ്ടായില്ല.

സ.ഉ (കൈ)നം.11/2018/തസ്വഭവ തീ.29.01.2018, സബ്സിഡിമാർഗ്ഗരേഖ സ.ഉ (കൈ)22/2018/തസ്വഭവ തീ.14.02.2018,1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 168-ാം വകുപ്പ് (1)-ാംനം. ഉപവകുപ്പ് 3-ാംപട്ടിക പ്രകാരവും മേൽ ക്രമനം. (4),(5),(6) ഇനങ്ങളിൽ തുക ചെലവഴിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. കൂടാതെ, എസ്.എസ്.എ, ആർ എം എസ് എ, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല തദ്ദേശഭരണ സ്ഥാപനം ഏറ്റെടുക്കുന്ന പദ്ധതികൾ എന്ന് ഉറപ്പാക്കുവാനും നിർദ്ദേശിച്ചിട്ടുള്ളതാണ്. (സബ്സിഡിമാർഗ്ഗരേഖ സ.ഉ (കൈ)22/2018 /തസ്വഭവ തീ.14.02.2018). ഈ ചെലവുകൾ വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിനു അധികാരം നൽകുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.17/19-20/06.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം.(1) ഒഴികെയുള്ള ഇനങ്ങളിൽ ചെലവഴിച്ച 3,91,455 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 ജി.എസ്.ടിയിന്മേൽ 2% TDS ഈടാക്കിയില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ജി.എസ്.ടിയിൻമേൽ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം അമൃതം ന്യൂട്രിമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയിൻമേൽ നൽകിയ ജി.എസ്.ടി-ക്ക് TDS ഈടാക്കിയിട്ടില്ല. ന്യൂട്രീമിക്സ് വിലയോടൊപ്പം 5 % ജി.എസ്.ടി കൂടി ന്യൂട്രീമിക്സ് വിതരണം ചെയ്ത സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രം.ന | പ്രൊജക്ട് | അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുക | സപ്ലൈ നടത്തിയ സ്ഥാപനം |
|---|---|---|---|
| 1 | അനുപൂരക പോഷകാഹാര വിതരണം (ജനറൽ 34/22) | 855711 | ഹെൽത്തി ആന്റ് സ്വാദിഷ് ന്യൂട്രീമിക്സ്, കാളികാവ് |
| 2 | അനുപൂരക പോഷകാഹാര വിതരണം (SC 39/21) | 700000 | ഹെൽത്തി ആന്റ് സ്വാദിഷ് ന്യൂട്രീമിക്സ്, കാളികാവ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/1.12.2021/2020-21) ഭാവിയിൽ ഇത് പാലിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. വാങ്ങലുകൾ നടത്തുമ്പോൾ നൽകുന്ന പേയ്മെന്റിൽ നിന്നും 2% TDS ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കുന്നതിനുള്ള പരിശീലന ചെലവ് തിരികെ ലഭ്യമായില്ല.

കില ഡയറക്ടറുടെ 25.1.2020 ലെ കില/2020/101/500/HQ കത്ത് പ്രകാരം ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കുന്നതിനുള്ള നാലാംഘട്ട പരിശീലനത്തിനു വേണ്ടിവരുന്ന ചെലവ് ഒരു ആൾക്ക് 120 രൂപ നിരക്കിലും (ഒരു വാർഡിൽ പരമാവധി 20 പേർക്ക്) ഒരു റിസോഴ്സ് പേഴ്സണ് 1150 രൂപ നിരക്കിലും (ഒരു ബാച്ചിനു പരമാവധി 2 പേർ) തനത് ഫണ്ടിൽനിന്ന് തുക ചെലവഴിക്കാവുന്നതാണ്. ചെലവ് രേഖകൾ കിലക്ക് നൽകുന്ന മുറക്ക് ചെലവ് തുക തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കില അനുവദിച്ച് നൽകുന്നതാണ്.

ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കുന്നതിന് 6.2.2020, 7.2.2020 എന്നീ തിയ്യതികളിൽ പരിശീലനം

നടത്തിയതിനു വൗച്ചർ നമ്പർ 21901269/16.3.2020 പ്രകാരം 30100 രൂപ ചെലവഴിച്ചിട്ടുണ്ട്. പരിശീലനത്തിനു വേണ്ടി ചെലവഴിച്ച തുക കിലയിൽനിന്ന് ലഭ്യമായിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ4/3.12.2021(2019-20)) മറുപടി ലഭ്യമായിട്ടില്ല. കിലയിൽ നിന്ന് തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 ലൈബ്രറികളിലെ പത്രവിതരണച്ചെലവുകൾ ഗ്രാമപഞ്ചായത്ത് വഹിക്കുന്നത് നിയമപരമല്ല.

ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയത്തിലെ പത്രവിതരണച്ചെലവ് വഹിക്കുന്നതിന്റെ കൂടെ സ്വന്തം ഉടമസ്ഥതയിൽ വരാത്ത വായനശാലകളിലെ പത്രവിതരണച്ചെലവും ഗ്രാമപഞ്ചായത്ത് വഹിക്കുന്നതായി കാണുന്നു. വിശദ വിവരം താഴെ ചെർക്കുന്നു.

| വൗച്ചർ നമ്പർ/തിയ്യതി/തുക | പത്രം നൽകിയ സ്ഥാപനം | ചെലവഴിച്ച തുക. |
|---|---|---|
| 21900128/8.5.19 | എൻയുകെ മൗലവി മെമ്മോറിയൽ വായനശാല<br>വിദ്യാ ഗ്രന്ഥശാല, പ്രതിഭാ ഗ്രന്ഥശാല | 7700 |
| 21900138/16.5.19 | വിദ്യാ ഗ്രന്ഥശാല, പ്രതിഭാ ഗ്രന്ഥശാല, നവധാര വായനശാല, പീപ്പ്ൾസ് ലൈബ്രറി | 11755 |
| 21900150/16.5.19 - | നവധാര വായനശാല, | 940 |
| 21900222/24.6.19 | സാമൂഹികവികസന ഗ്രന്ധശാല | 7200 |

ഗ്രാമപഞ്ചായത്ത് കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പെടുത്തിയാണ് പത്രവിതരണത്തിനു പണം ചെലവഴിച്ചിട്ടുള്ളത്. മുകളിൽ പറഞ്ഞ ലൈബ്രറികൾ ഗ്രാമപഞ്ചായത്തിന്റെ സ്വന്തം സ്ഥാപനമോ ഗ്രാമപഞ്ചായത്തിനു കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനമോ ആണെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നും പ്രൊജക്റ്റ് തയ്യാറാക്കാതെ കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പെടുത്തി ഈ ചെലവുകൾ വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിനു അധികാരം നൽകുന്ന നിയമം ഏതാണെന്ന് അറിയിക്കേണ്ടതാണ് എന്നുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/1.12.2021/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം ചെലവുകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-21 എക്കോഷോപ്പ് മുഖേനയുള്ള വാങ്ങലുകൾ - ഗ്രാമപഞ്ചായത്തിന് അധികചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ കൃഷിഭവനു കീഴിൽ പ്രവർത്തിക്കുന്ന ജനനി എക്കോ ഷോപ്പ് മുഖേന വിവിധ പ്രോജക്റ്റുകൾക്കായി വാങ്ങലുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത സാധനങ്ങൾ യഥാർത്ഥത്തിൽ ലഭ്യമാകുന്നതിലും അധികവിലയിൽ എക്കോ ഷോപ്പ് മുഖേന വില്പന നടത്തുന്നതിനാൽ ഗ്രാമപഞ്ചായത്തിനും കർഷകർക്കും അധികചെലവുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എക്കോഷാപ്പോപ്പ് മുഖേന ഈടാക്കിയ വില | യഥാർത്ഥ വില | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| Nutrifish Organic Mannure | 18/kg | 16.80 /Kg (ഇൻവോയിസ് നം.FMPKZD/GST | 1.20/kg | മൽസ്യഫെഡിന്റെ മീൽ പ്ലാന്റ് കോഴിക്കോട്ട നിന്നാണ് മുഴവൻ വാങ്ങലുകളും |

| | | | | |
|---|---|---|---|---|
| | | /00289/24.08.19) | | നടത്തിയിട്ടുള്ളത്.ഇതേ നിരക്ക് തന്നെയാണ് 2019-20 ലെ മുഴുവൻ വാങ്ങലുകൾക്കും ഈടാക്കിയിട്ടുള്ളത്. |
| Lime (നീറ്റുകക്ക) | 16/kg | 14/kg (ഇൻവോയിസ് നം.154/4342 /19-20/31.08.19) | 2/kg | പെരിന്തൽമണ്ണ ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്റർ, അങ്ങാടിപ്പുറത്തുനിന്നും. ഇതേ നിരക്ക് തന്നെയാണ് 2019-20 ലെ മുഴുവൻ വാങ്ങലുകൾക്കും ഈടാക്കിയിട്ടുള്ളത്. |
| മഗ്നീഷ്യം സൾഫേറ്റ് ($MgSO_4$) | 22/kg | 20/kg (ഇൻവോയിസ് നം.154/4342 /19-20/31.08.19) | 2/kg | പെരിന്തൽമണ്ണ ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്റർ, അങ്ങാടിപ്പുറത്തുനിന്നും. ഇതേ നിരക്ക് തന്നെയാണ് 2019-20 ലെ മുഴുവൻ വാങ്ങലുകൾക്കും ഈടാക്കിയിട്ടുള്ളത്. |
| ബോറാക്സ് | 120/kg | 110/kg (ഇൻവോയിസ് നം.154/4342 /19-20/31.08.19) | 10/kg | പെരിന്തൽമണ്ണ ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്റർ, അങ്ങാടിപ്പുറത്തുനിന്നും. ഇതേ നിരക്ക് തന്നെയാണ് 2019-20 ലെ മുഴുവൻ വാങ്ങലുകൾക്കും ഈടാക്കിയിട്ടുള്ളത്. |
| പച്ചക്കറി തൈകൾ വഴുതിന, മുളക്, തക്കാളി, പയർ, വെണ്ട എന്നിവ | 2.50/kg | 2/kg (ബിൽനം.111/ 09.01.2020) | 0.5/kg | ദേവഗിരി വെജിറ്റബിൽ നെഴ്സറി, പെരിന്തൽമണ്ണ |

2019-20 വർഷത്തിൽ വിവിധ പ്രോജക്റ്റുകൾക്കായി എക്കോഷോപ്പ് മുഖേന നടത്തിയ വാങ്ങലിന്റെ വിവരം താഴെ പറയും പ്രകാരമാണ്.

| പ്രോജക്ടിന്റെ വിവരം | വാങ്ങലിന്റെ വിവരം | ഈടാക്കിയ തുക | അധികതുക |
|---|---|---|---|
| പ്രോജക്റ്റ് നം. 42/20, കമുങ്ങ് കൃഷി സമഗ്ര വികസന പദ്ധതി (ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ ) | Nutrifish – 1,11,400kg@18 | 20,05,200 | 1,33,680(20,05,200-18,71,520) |
| | ലൈം - 5570kg@ 16 | 89,120 | 11,140(89,120-77,980) |
| | മഗ്നീഷ്യം സൾഫേറ്റ്- 2228 Kg @ 22 | 49,016 | 4456(49,016- 44,560) |
| | ബോറാക്സ് 891.20kg@120 | 1,06,944 | 8,912(1,06,944-98,032) |

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം. 40/20 തെങ്ങുകൃഷിക്ക് കുമ്മായവും ജൈവവളവും (ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ) | Nutrifish – 67010 Kg@18 | 12,06,180 | 80,412(12,06,180-11,25,768) |
| | ലൈം - 13422kg@ 16 | 2,14,752 | 26,844(2,14,752- 1,87,908) |
| പ്രോജക്റ്റ് നം. 31/20 പച്ചക്കറി തൈ വിതരണം(വനിത) | വഴുതിന -28,000kg@2.5 | 70,000 | 14,000(70,000-56,000) |
| | മുളക് -28,000kg@2.5 | 70,000 | 14,000(70,000-56,000) |
| | തക്കാളി -28,000kg@2.5 | 70,000 | 14,000(70,000-56,000) |
| | പയർ-28,000kg@2.5 | 70,000 | 14,000(70,000-56,000) |
| | വെണ്ട-28,000kg@2.5 | 70,000 | 14,000(70,000-56,000) |
| ആകെ | | | 3,35,444 |

അൺലോഡിംഗ് ചാർജ് മാത്രം അധികമായി വരികയുള്ളുവെന്നിരിക്കെ അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതാണ്. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം.25/ 19-20/09.12.21) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ എക്കോഷോപ്പ് മുഖേന വാങ്ങലുകൾ നടത്തുമ്പോൾ വിലനിലവാരം കൂടി കണക്കിലെടുക്കേണ്ടതുമാണ്.

## 1-22 അതിജീവനം പദ്ധതി - അനുമതി പത്രം ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം.280/20

അതിജീവനം പദ്ധതി -രോഗപ്രതിരോധപ്രവർത്തനങ്ങളും ഭക്ഷണസംസ്കാര അവബോധം വളർത്തലും വിദ്യാലയങ്ങളിലൂടെ

വിനിയോഗിച്ച തുക – 50,000 രൂപ (തനത് ഫണ്ട്)

വൗച്ചർ നം. /തീയ്യതി - 21901377/30.03.20

നിർവ്വഹണം - ഹെഡ് മാസ്റ്റർ, ജി എൽ പി എസ് കരുവാരകുണ്ട്

പദ്ധതി പ്രകാരം താഴെ പറയുന്ന ഇനങ്ങളിലായി തുക ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | ജി എൽ പി സ്കൂൾ പഴയകടക്കൽ ന് - 15,000 രൂപ | ത്വയ്ക്കോണ്ടോ പരിശീലനത്തിന് |
| 2 | ജി എൽ പി എസ് പുൽവെട്ട – 15,000 രൂപ | വിഷരഹിത പച്ചക്കറി ഉൽപ്പാദനത്തിന് |
| 3 | ജി എൽ പി എസ് തരിശ്- 20,000 രൂപ | വിഷരഹിത പച്ചക്കറി ഉൽപ്പാദനത്തിന് |
| | ആകെ - 50,000 രൂപ | |

1)ത്വയ്ക്കോണ്ടോ പരിശീലനം

ജി എൽ പി സ്കൂൾ പഴയകടക്കൽ ലെ ഏഴാംതരം, ആറാംതരം, അഞ്ചാംതരം ക്ലാസുകളിൽ പഠിയ്ക്കുന്ന 14 ആൺകുട്ടികൾക്കും ആറ് പെൺകുട്ടികൾക്കും ആകെ 20 കുട്ടികൾക്ക് ആഴ്ചയിൽ രണ്ടു ദിവസം വീതം, ഡിസംബർ 2019, 2020 ജനവരി, ഫെബ്രുവരി മാസങ്ങളിൽ പരിശീലനം നൽകിയ ഇനത്തിലാണ് 15,000 രൂപ ചെലവഴിച്ചിട്ടുള്ളത്. പരിശീലനം നൽകിയതിന്റെ ഹാജർപട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പരിശീലനം നൽകിയത് സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ളയാളാണോ എന്ന് വ്യക്തമല്ല. പരിശീലകന്റെ വിലാസം ഫയലിൽ ഇല്ല. പരിശീലകന് 7200 രൂപയും അവശേഷിച്ച തുക റീഫ്രഷ്മെന്റ് (7400രൂപ), പേന, ബുക്ക് ഇനങ്ങളിലുമാണ് (500രൂപ) ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സ.ഉ (കൈ)നം.11/2018/തസ്വഭവ തീ.29.01.2018 പ്രകാരം ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗം പെൺകുട്ടികൾക്കാണ് ത്വയ്ക്കോണ്ടോ പരിശിലനത്തിന് അനുവാദമുള്ളത്. യു പി വിഭാഗം വിദ്യാർത്ഥികൾക്ക് ത്വയ്ക്കോണ്ടോ പരിശീലനം നൽകുവാൻ ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2)വിഷരഹിത പച്ചക്കറി ഉൽപ്പാദനം -ജി എൽ പി എസ് പുൽവെട്ട

താഴെ പറയുന്ന ഇനങ്ങളിലാണ് തുക ചെലവഴിച്ചിട്ടുള്ളത്.

| | | |
|---|---|---|
| 1 | ഗ്രോ ബാഗ്, വേപ്പിൻ പിണ്ണാക്ക്, ചകിരിച്ചോർ, പച്ചക്കറി തൈ, മുരിങ്ങ, വാഴ എന്നിവ വാങ്ങിയ ഇനത്തിൽ | 6,500രൂപ |
| 2 | ചാണകപ്പൊടി ചാക്ക് | 1500രൂപ |
| 3 | ഉമ്മർ പി - 9 ദിനങ്ങൾ പണിയെടുത്തതിന് 800 രൂപ നിരക്കിൽ | 7200രൂപ |
| | ആകെ | 15,000 രൂപ (Rounded) |

വിദ്യാലയത്തിനടുത്തുള്ള പത്ത് സെന്റ് സ്ഥലത്ത് കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ ഗ്രോബാഗുകളിൽ പയർ, വെണ്ട, തക്കാളി, വഴുതിന, മുളക് തുടങ്ങിയ പച്ചക്കറികളും മുരിങ്ങ, പപ്പായ, വാഴ എന്നിവയും കൃഷി ചെയ്യുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.

3)വിഷരഹിത പച്ചക്കറി ഉൽപ്പാദനം -ജി എൽ പി എസ് തരിശ്

വിദ്യാലയത്തിനടുത്തുള്ള പത്ത് സെന്റ് സ്ഥലത്ത് കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ ഗ്രോബാഗുകളിൽ പയർ, വെണ്ട, തക്കാളി, വഴുതിന, മുളക് തുടങ്ങിയ പച്ചക്കറികളും മുരിങ്ങ, പപ്പായ, വാഴ എന്നിവയും കൃഷിചെയ്യുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. താഴെ പറയുന്ന ഇനങ്ങളിലാണ് തുക ചെലവഴിച്ചിട്ടുള്ളത്.

| | | |
|---|---|---|
| 1 | ഗ്രോ ബാഗ്, വേപ്പിൻ പിണ്ണാക്ക്, ചകിരിച്ചോർ, പച്ചക്കറി തൈ, മുരിങ്ങ, വാഴ എന്നിവ വാങ്ങിയ ഇനത്തിൽ | 7,000രൂപ |
| 2 | ചാണകപ്പൊടി ചാക്ക് | 1000രൂപ |
| 3 | അബ്ദു- 15ദിനങ്ങൾ പണിയെടുത്തതിന് 800 രൂപ നിരക്കിൽ | 12,000രൂപ |
| | ആകെ | 20,000രൂപ |

സ.ഉ (കൈ)നം.11/2018/തസ്വഭവ തീ.29.01.2018, സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ)22/2018/തസ്വഭവ തീ.14.02.2018, 1994 ലെ കേരള പഞ്ചായത്ത് രാജ്ആക്റ്റ് 168-ാം വകുപ്പ് (1)-ാം നം. ഉപവകുപ്പ് 3-ാം പട്ടിക പ്രകാരവും മേൽ ക്രമനം. (2), (3) ഇനങ്ങളിൽ തുക ചെലവഴിക്കുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ ഈ ചെലവുകൾ വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകുന്ന ഉത്തരവ് വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറി (നം.15/19-20/06.12.21)ക്കും മറുപടി ലഭ്യമാക്കിയില്ല.

## 1-23 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ .

(A) GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

(B) കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 %ൽ അധികരിക്കാവുന്നതല്ല.

(C) തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ ആദ്യത്തെ 3 മാസക്കാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, താഴെ പറയുന്ന പ്രവൃത്തി കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന നൽകുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ താഴെ പറയുന്ന പ്രവൃത്തികൾ കരാർ സമയത്തിനുള്ളിൽ പൂർത്തിയാക്കാത്തതിനാൽ താഴെ പറയും പ്രകാരം ആകെ പിഴ 207329 രൂപ (43862+82929+12979+60570+6989) അതാത് പ്രവൃത്തികളുടെ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം അവസാന ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്. ഇക്കാര്യമുന്നയിച്ച് നൽകിയ 10/6-12-21 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശം താഴെ ഉപഖണ്ഡികകളായി നൽകുന്നു.

### 1-23-1 സബ്സെന്ററുകളുടെ നവീകരണം 223/20

അടങ്കൽ: 1036000 രൂപ ( MGNR, 836000, CFC, 200000 )

കരാറുകാരൻ: ശ്രീ നളൈർ ടി കെ

കരാർ: AE/LSGD/KKD/83/17-18/20-11-17

പ്രവൃത്തി സ്ഥലം കൈമാറിയത്: 20-11-17

കരാർ തുക: 1033407 രൂപ

അളവ് പുസ്തകം: 165/17-18,113/17-18

ചെലവ്: 878314രൂപ

(ബിൽ നമ്പർ 7/18-19/10-5-18: 361496 രൂപ)

(ബിൽ നമ്പർ 4/19-20/27-4-19: 318003 രൂപ)

(ബിൽ നമ്പർ 12/19-20/12-6-19: 198815 രൂപ)

മൂല്യനിർണ്ണയം: 878314

(-) Part Bill: 361496

ബാക്കി: 516818

(-) IT 1% : 5169

WF 1%: 5169

Sgst 5169

Cgst 5169

കരാറുകാരന്: 496142

കരാർ കാലവധി: 8 മാസം

പൂർത്തീകരിക്കേണ്ട തീയതി: 19-7-18

പൂർത്തീകരിച്ച തീയതി: 13-2-19 (അളവ് പുസ്തകം പേജ് 10, 165/17-18)

(19-7-18 ൽ പൂർത്തിയാക്കേണ്ട പ്രവൃത്തി 13-2-19 ൽ ആണ് പൂർത്തിയാക്കുന്നത്. കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച (C) പ്രകാരം താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ് )

ഈടാക്കേണ്ട പിഴ:

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.maximum 100000)

20-7-18 To 19-10-18 1% Of PAC= 10334.07 രൂപ

20-10-18 To 19-1-19 2% Of PAC= 20668.14 രൂപ

20-1-19 To 13-2-19 (25 Days) 2% Of PAC= 20668.14 X 25/90= 5741.15 രൂപ

ആകെ 36743.36 രൂപ.

## 1-23-2 തടയണകളുടെ നിർമാണം 238/20

അടങ്കൽ: 4000000 രൂപ (വികസനഫണ്ട്- ജനറൽ )

കരാറുകാരൻ: ശ്രീ വർഗ്ഗീസ് N J

കരാർ: AE/LSGD/KKD/89/17-18/27-1-18

പ്രവൃത്തി സ്ഥലം കൈമാറിയത്: 27-1-18

കരാർ തുക: 2938420 രൂപ

അളവ് പുസ്തകം: 119/17-18

ചെലവ്: 2908609രൂപ

(ബിൽ നമ്പർ 18/19-20/21-6-19)

മൂല്യനിർണ്ണയം: 2908609

(-) IT 1% : 29087

WF 1%: 29087

Sgst 29087

Cgst 29087

കരാറുകാരന്: 2792261

കരാർ കാലാവധി: 9 മാസം

പൂർത്തീകരിക്കേണ്ട തീയതി: 26-8-18

പൂർത്തീകരിച്ച തീയതി: 16-2-19 (അളവ് പുസ്തകം പേജ് 28)

(27-1-18 ൽ കരാർ വെച്ച് അതേ ദിവസം പ്രവൃത്തി സ്ഥലം കൈമാറിയിട്ടും പ്രവൃത്തി തുടങ്ങുന്നത് 2-11-18 ൽ (അളവ് പുസ്തകം പേജ് 1) മാത്രമാണ്. 16-12-19 ൽ ആണ് പൂർത്തിയാക്കുന്നത്. കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച (C) പ്രകാരം താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ് )

ഈടാക്കേണ്ട പിഴ:

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.maximum 100000)

27-8-18 To 26-11-18 1% Of PAC= 29384.20 രൂപ

27-11-18 To 16-2-19 (82 Days) 2% Of PAC= 58768.4 X 82/90= 53544.54 രൂപ

ആകെ 82928.74 (Ie. 82929.00 രൂപ.)

## 1-23-3 കിഴക്കേകുന്ന് SC കോളനി ഭവനസുരക്ഷ 209/20

കിഴക്കേകുന്ന് SC കോളനി ഭവനസുരക്ഷ 209/20

അടങ്കൽ: 300000 രൂപ ( വികസനഫണ്ട്- SCP )

കരാറുകാരൻ: ശ്രീ നളൈർ ടി കെ

കരാർ: AE/LSGD/KKD/111/17-18/24-10-18

പ്രവൃത്തി സ്ഥലം കൈമാറിയത്: 24-10-18

കരാർ തുക: 299515 രൂപ

അളവ് പുസ്തകം: 111/18-19

ചെലവ്: 158462രൂപ

(ബിൽ നമ്പർ 8/19-20/27-4-19: 130672 രൂപ)

(ബിൽ നമ്പർ 160/19-20/30-3-20: 27790 രൂപ)

മൂല്യനിർണ്ണയം: 158462

(-) Part Bill 130672

ബാക്കി 27790

(-) IT 1% : 556

WF 1%: 556

കരാറുകാരന്: 27234

കരാർ കാലാവധി: 7 മാസം

പൂർത്തീകരിക്കേണ്ട തീയതി: 23-5-19

പൂർത്തീകരിച്ച തീയതി: 22-1-20 (അളവ് പുസ്തകം പേജ് 21)

(24-10-18 ൽ കരാർ വെച്ച് അതേ ദിവസം പ്രവൃത്തി സ്ഥലം കൈമാറിയിട്ടും 22-1-20 ൽ ആണ് പ്രവൃത്തി പൂർത്തിയാക്കുന്നത്. കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച (C) പ്രകാരം താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ് )

ഈടാക്കേണ്ട പിഴ:

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.maximum 100000)

24-5-19 To 23-08-19 2% Of PAC= 2995.15 രൂപ

24-8-19 To 23-11-19 1% Of PAC= 5990.30 രൂപ

24-11-19 To 22-1-20 (60 Days) 2% Of PAC= 5990.30 X 60/90= 3993.53 രൂപ

ആകെ 12978.98 (Ie. 12979.00 രൂപ.)

